**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 557** **13-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രതിസന്ധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി .എം. എ. സമീർ

ശ്രീ. ഫൈസൽ ബാബു

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനം നിലവിൽ നേരിടുന്ന ഗുരുതരമായ വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മഴയിലുണ്ടായ കുറവ് മൂലവും എൽ-നിനോ പ്രതിഭാസം നിമിത്തം കാലാവസ്ഥയിലുണ്ടായ വ്യതിയാനം മൂലവും അന്തരീക്ഷ താപനില ഉയർന്നത് വൈദ്യുതിയുടെ ഉപഭോഗം വർധിക്കാൻ കാരണമായി. 2026 ഏപ്രിൽ 13-ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പ്രസിദ്ധീകരിച്ച ദീർഘകാല മൺസൂൺ പ്രവചനത്തിൽ (Long Range Forecast) രാജ്യത്ത് തെക്കുപടിഞ്ഞാറൻ മൺസൂൺ മഴ ദീർഘകാല ശരാശരിയുടെ (LPA - Long Period Average) 92% ലഭിക്കുമെന്നാണ് വിലയിരുത്തിയിരുന്നത്. തുടർന്ന് 2026 മെയ് 29-ന് പ്രസിദ്ധീകരിച്ച പുതുക്കിയ പ്രവചനത്തിൽ ഇത് 90% LPA ആയി പരിഷ്കരിക്കുകയും, 2026 മൺസൂൺ കാലയളവിൽ എൽ-നിനോ സാഹചര്യം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തു.

എന്നിരുന്നാലും, യഥാർത്ഥത്തിൽ ലഭിച്ച മഴ IMD പ്രവചനത്തേക്കാൾ ഗണ്യമായി കുറവായിരുന്നു. ഇതുവരെ ലഭിച്ച മഴ ദീർഘകാല ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 72% മാത്രമാണ്. അതായത്, സാധാരണ പ്രതീക്ഷിക്കുന്ന തിനേക്കാൾ ഏകദേശം 28% കുറവ് മഴയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുഖ്യ ജലസംഭരണികൾ ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിൽ 56% കുറവ് മഴയാണ് ലഭിച്ചത്.

2026-27 ലെ സാഹചര്യം രൂപപ്പെട്ടതിൽ മഴക്കുറവ് ഒരു പ്രധാന ഘടകമായിരുന്നുവെങ്കിലും അതുമാത്രമല്ല കാരണം; രാജ്യവ്യാപകമായ വൈദ്യുതി ആവശ്യകതയിലെ വർധന, കൽക്കരിയിലെ ലഭ്യതക്കുറവ് തന്മൂലം താപ വൈദ്യുതിയിലുണ്ടായ കുറവ്, മഴകുറവു മൂലം സംഭരണികളിലുണ്ടായ ജല ലഭ്യത കുറവ്, പീക്ക് സമയത്തെ വൈദ്യുതി ലഭ്യതക്കുറവ്, ഹ്രസ്വകാല കരാറുകളുടെ ലഭ്യതക്കുറവ് തുടങ്ങിയ ഘടകങ്ങളും ഇതിനെ സ്വാധീനിച്ചിട്ടുണ്ട്.

കേരളത്തിലെ ഉപഭോഗം, പ്രത്യേകിച്ച് രാത്രി സമയങ്ങളിൽ, പ്രധാനമായും ഡൊമസ്റ്റിക് ലോഡിനെ ആശ്രയിച്ചാണ്. മഴ ലഭ്യത കുറയുന്ന ദിവസങ്ങളിൽ കൂളിംഗ് ലോഡ് കൂടുന്നത് കാരണം രാത്രി സമയങ്ങളിലെ വൈദ്യുതി ഉപഭോഗം അസാധാരണമായി കൂടുന്നു. വർധിച്ചു വരുന്ന ഇലക്ട്രിക്ക് വെഹിക്കിളിന്റെ ചാർജിങ്ങും ഇൻഡക്ഷൻ കുക്കറുകളുടെ ഉപയോഗവും ഉപഭോഗം കൂടുന്നതിന്

കരണമായിട്ടുണ്ട്. റൂഫ്ടോപ്പ് സോളാർ ഉൽപ്പാദനം പകൽ സമയത്ത് കൂടുന്നത് രാത്രി കാലങ്ങളിൽ ഗ്രിഡിൽ നിന്നുള്ള ഉപഭോഗം വർധിക്കുന്നതിന് കാരണമായിട്ടുണ്ട്.

| മാസം | റെസ്റ്റിക്റ്റ് ചെയ്യാതെയുള്ള പരമാവധി വൈദ്യുതി ആവശ്യം (MW) | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർധന | ശരാശരി പ്രതിദിനവൈദ്യുതി ഉപഭോഗം (MU) | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർധന |
|---|---|---|---|---|
| ജൂൺ-2026 | 4969 | 11% | 88.19 | 9% |
| ജൂലൈ-2026 | 5338 | 28% | 86.71 | 14% |
| ഓഗസ്റ്റ്-2026 | 4868 | 11% | 85.05 | 6% |
| സെപ്റ്റംബർ-2026 | 5639 | 26% | 94.04 | 13% |

രാജ്യവ്യാപകമായി വൈദ്യുതി ആവശ്യകത റിക്കോർഡ് നിലയിലെത്തിയ സാഹചര്യത്തിൽ ഹ്രസ്വകാല വിപണിയിൽ വൈദ്യുതിയുടെ ലഭ്യത കുറഞ്ഞതിനാൽ, ആവശ്യമായ അളവിൽ അധിക വൈദ്യുതി എല്ലാ സമയത്തും ലഭ്യമാക്കുന്നതിന് പ്രായോഗികമായ പരിമിതികൾ നേരിടേണ്ടിവന്നു.

**(ബി)** ഡാം മാനേജ്മെന്റിൽ കെ. എസ്.ഇ.ബി.യ്ക്ക് പിഴവ് ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കേരളത്തിലെ ജലവൈദ്യുതി ഉൽപ്പാദനം താഴെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ജലവർഷത്തിന്റെ തുടക്കത്തിൽ ആസൂത്രണം നടത്തി വരികയാണ് ചെയ്യുന്നത്.

1. ആ വർഷത്തെ മൺസൂൺ പ്രവചനം അനുസരിച്ചുള്ള മഴയുടെ ലഭ്യത.
2. മഴയുടെ യഥാർത്ഥ ലഭ്യതയിൽ വരുന്ന വ്യതിയാനം .
3. വൈദ്യുതി ആവശ്യകതയും ലഭ്യതയും.
4. മാർക്കറ്റിലെ പവറിന്റെ ലഭ്യത.
5. ഡാമുകളിലെ റൂൾ ലെവൽ അനുസരിച്ച് നിലനിർത്താവുന്ന സുരക്ഷിതമായ സംഭരണം.
6. പകൽ സമയത്തെ സോളാർ ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധനവ്.
7. വിവിധ നദികളിലെ ജലസേചന കുടിവെള്ള ആവശ്യങ്ങളും, വെള്ളപ്പൊക്ക നിയന്ത്രണ സാദ്ധ്യതകളും.
8. 2025-26 ഇൽ ഇത് കൂടാതെ ഇടുക്കി ജല വൈദ്യുത പദ്ധതി അറ്റകുറ്റ പണികൾക്കായി ഒരു മാസം (നവംബർ 11 മുതൽ ഡിസംബർ 6 വരെ) ഉൽപ്പാദനം പൂർണമായി നിർത്തി വയ്ക്കേണ്ടി വരുന്നതും ആസൂത്രണത്തിൽ കണക്കിലെടുത്തിരുന്നു. കേന്ദ്ര ജല കമ്മീഷന്റെ മാർഗ നിർദ്ദേശങ്ങളും ബന്ധപ്പെട്ട സാങ്കേതിക മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി, 200 ദശലക്ഷം ഘനമീറ്ററിന് മുകളിൽ സംഭരണ ശേഷിയുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ പ്രധാന ജലസംഭരണികൾക്കായി ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ റൂൾ കർവുകൾ തയ്യാറാക്കി ഓരോ കാലയളവിലും പാലിക്കേണ്ട റൂൾ ലെവലുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രളയ സാധ്യതകൾ മുൻകൂട്ടി കണക്കിലെടുത്ത്, ഈ റൂൾ ലെവലുകൾ (ജലനിരപ്പുകൾ) കെ.എസ്.ഇ.ബി.എൽ.കർശനമായി പാലിച്ചുവരുന്നു. കാലാവസ്ഥാ പ്രവചനങ്ങൾ, വൃഷ്ടി പ്രദേശങ്ങളിലെ മഴ, ജലസംഭരണികളിലേക്കുള്ള നീരൊഴുക്ക്, ഡൗൺസ്ട്രീം സാഹചര്യം തുടങ്ങിയവ നിരന്തരം വിലയിരുത്തിയാണ് ജലസംഭരണികളുടെ പ്രവർത്തനം നടത്തി

വരുന്നത്. അതിനാൽ, പ്രളയ സാധ്യതകൾ ശാസ്ത്രീയമായി വിലയിരുത്തിയും അംഗീകൃത മാനദണ്ഡങ്ങളും മുന്നറിയിപ്പ് സംവിധാനങ്ങളും കർശനമായി പാലിച്ചും പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് പരമാവധി മുൻഗണന നൽകിയും കെ.എസ്.ഇ.ബി.എൽ. ഡാം മാനേജ്മെന്റും പ്രളയനിയന്ത്രണ പ്രവർത്തനങ്ങളും ഉത്തരവാദിത്വത്തോടെ നടത്തി വരുന്നതാണ്. കെ.എസ്.ഇ.ബി.എൽ ഡാം മാനേജ്മെന്റ് മേൽ പറഞ്ഞ രീതിയിൽ കാര്യക്ഷമമായാണ് നടത്തിവരുന്നത്.

**(സി)** കഴിഞ്ഞ വർഷം കേന്ദ്രവിഹിതമായി ലഭിച്ച വൈദ്യുതി വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഇല്ല. കഴിഞ്ഞ വർഷം അധിക കേന്ദ്ര വിഹിതമായി ലഭിച്ചുകൊണ്ടിരുന്ന 177 MW ന പുറമെ 254 MW വിഹിതവും ലഭിച്ചു കൊണ്ടിരിക്കുകയാണ്.

**(ഡി)** വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനും പ്രത്യേകിച്ച് പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനും ഉപഭോക്താക്കൾക്ക് തടസ്സരഹിതമായി വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് വിവിധ ഹ്രസ്വകാല, മധ്യകാല, ദീർഘകാല വൈദ്യുതി വാങ്ങൽ നടപടികൾ സ്വീകരിച്ചുവരുകയാണ്.

ഇതിന്റെ ഭാഗമായി 2026 ഏപ്രിൽ മാസം മുതൽ തന്നെ സംസ്ഥാനത്തിന്റെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണക്കിലെടുത്ത് ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അനുമതിയോടെ 2026 ജൂലൈ മുതൽ 2027 ജൂലൈ വരെ മുഴുവൻ സമയ വൈദ്യുതി ലഭ്യമാക്കുന്നതിനും, 2026 ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ മുതൽ 2027 മെയ് വരെയുള്ള മാസങ്ങളിലെ പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി വിവിധ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഈ വർഷം അനുഭവപ്പെടുന്ന എൽ-നിനോ പ്രതിഭാസം നിമിത്തം ഉണ്ടായ മഴക്കുറവും അത്യുഷ്ണവുംമൂലം രാജ്യത്താകെ കടുത്ത വൈദ്യുതി പ്രതിസന്ധിയാണ് അനുഭവപ്പെടുന്നത് . ഇതുമൂലം ഉണ്ടായ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി കൂടുതൽ ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. പീക്ക് സമയത്തെ അധിക ആവശ്യകത നിറവേറ്റുന്നതിനായി 2026 ഒക്ടോബർ മാസത്തിൽ 200 മെഗാവാട്ട് വരെ കാറ്റാടി വൈദ്യുതിയും, മുഴുവൻ സമയ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഹിമാചൽ പ്രദേശിൽ നിന്ന് 900 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നതിന് ധാരണയായിട്ടുണ്ട്.

കേന്ദ്ര വിഹിതമായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിന് പുറമേ അധിക വിഹിതവും ലഭിച്ചു വരുന്നുണ്ട് . പ്രസ്തുത വൈദ്യുതി 2027 മേയ് വരെ ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർഥിച്ചു കൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ സമീപിക്കുകയും ചെയ്തിട്ടുണ്ട് .

സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, ദീർഘകാല വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനായി സോളാർ, കാറ്റാടി, ബാറ്ററി സ്റ്റോറേജ്, താപ വൈദ്യുതി തുടങ്ങിയ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇതിന്പുറമേ വിവിധ ചെറുകിട/വൻകിട ജലവൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, സൗരോർജ്ജ-കാറ്റോർജ്ജ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു.

ഗ്രിഡ് ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് പുറത്തുനിന്നുള്ള വൈദ്യുതി കൈമാറ്റശേഷി (Power Transfer Capacity) വർധിപ്പിക്കുന്നതിനായി 400 കെ.വി. കരിന്തളം സബ്സ്റ്റേഷൻ ഈ വർഷം ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാക്കും. ഇതിലൂടെ സംസ്ഥാനത്തേക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി ഗണ്യമായി വർധിക്കുകയും ഗ്രിഡിന്റെ സുരക്ഷയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുകയും ചെയ്യും.

കൂടാതെ, ആഭ്യന്തര വൈദ്യുതി സംവിധാനത്തിന്റെ കാര്യക്ഷമതയും പീക്ക് സമയങ്ങളിലെ ലഭ്യതയും വർധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളും ഈ വർഷാവസാനത്തോടെ ഉപയോഗത്തിനായി സജ്ജമാകും. ഈ പദ്ധതികൾ പ്രവർത്തന സജ്ജമാകുന്നതോടെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ഗ്രിഡിന്റെ പ്രവർത്തന സ്ഥിരത മെച്ചപ്പെടുത്തുന്നതിനും സാധ്യമാകും.

**സെക്ഷൻ ഓഫീസർ**